പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 3029

19-06-2018 ൽ മറുപടിക്ക്

# നബാർഡിന്റെ സഹായത്തോടെ നടപ്പാക്കുന്ന കാർഷിക പദ്ധതികൾക്കുള്ള അനുമതി

ചോദ്യം
ശ്രീ.ബി.ഡി. ദേവസ്സി

മറുപടി
ശ്രീ.വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | RIDF - XXIII -ൽ ഉൾപ്പെടുത്തി നബാർഡിന്റെ സഹായത്തോടെ നടപ്പാക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള വിവിധ കാർഷിക പദ്ധതികൾക്ക് അനുമതി ലഭ്യമായിട്ടുണ്ടോ; വിശദമാക്കുമോ? | (എ) | RIDF - XXIII സ്കീമിൽ ഉൾപ്പെടുത്തി നബാർഡിന്റെ സഹായത്തോടെ നടപ്പാക്കുന്നതി-നായി സമർപ്പിച്ചിട്ടുള്ള വിവിധ കാർഷിക പദ്ധതികൾക്ക് ഇതുവരെയും നബാർഡിന്റെ അനുമതി ലഭ്യമായിട്ടില്ല. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | നബാർഡിന്റെ സഹായത്തോടെ നടപ്പാക്കുന്ന ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കപ്പത്തോട് നവീകരണം, ചാത്തൻചാൽ സംരക്ഷണം എന്നീ പദ്ധതികൾക്ക് അനുമതി ലഭ്യമാക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ബി) | ചാലക്കുടി മണ്ഡലത്തിൽ ഉൾപ്പെട്ട കപ്പത്തോട് നവീകരണ പദ്ധതിക്കായി ആർ.ഐ.ഡി.എഫ് XXII സ്കീമിൽ ഉൾപ്പെടുത്തി 1000.00 ലക്ഷം രൂപയുടെ ഭരണാനുമതി കെ.എൽ.ഡി.സി-ക്ക് നൽകിയിരുന്നുവെങ്കിലും ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രൈസ് സോഫ്റ്റ് വെയർ പ്രകാരം റിവൈസ് ചെയ്ത് നൽകിയതിന്മേൽ ചീഫ് ടെക്നിക്കൽ എക്സാമിനറുടെ പരിശോധനയിൽ കണ്ടെത്തിയ മാറ്റങ്ങൾ വരുത്തി പുതുക്കിയ എസ്റ്റിമേററ് പ്രകാരം പുതുക്കിയ ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>ചാലക്കുടി നിയോജക മണ്ഡലത്തിൽപ്പെട്ട ചാത്തൻചാൽ സംരക്ഷണത്തിനായുള്ള പദ്ധതി റിപ്പോർട്ട് തയ്യാറാക്കി ആർ.ഐ.ഡി.എഫ് XXIV സ്കീമിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനായി നബാർഡിൽ സമർപ്പിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ചാലക്കുടി മണ്ഡലത്തിലെ കപ്പത്തോട്ടി ലേയ്ക്ക് ജലം ഒഴുകിയെത്തുന്ന ചെറുതോടുകൾ ഉൾപ്പെട്ട കോടശ്ശേരി, പരിയാരം, അതിരപ്പള്ളി എന്നീ പഞ്ചായത്തുകളുടെ ഭാഗങ്ങളും ചാലക്കുടി മുനിസിപ്പാലിറ്റിയുടെ അഞ്ചാം വാർഡിന്റെ ഭാഗങ്ങളും ഉൾപ്പെടുന്ന "കപ്പത്തോട് നീർത്തട പദ്ധതി" ആർ.ഐ.ഡി.എഫ്-ന്റെ 19-ാം ഘട്ടത്തിൽ ഉൾപ്പെടുത്തി മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന 2014-17 കാലഘട്ടത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. വിവിധ മണ്ണു ജല സംരക്ഷണ പ്രവർത്തനങ്ങളായ ജൈവവേലി, മഴക്കുഴികൾ, കാർഷിക വനവത്ക്കരണം, ചെറുകുളങ്ങൾ, കല്ലുകയ്യാലകൾ, പുല്ല് വെച്ച് പിടിപ്പിക്കൽ, പാർശ്വഭിത്തി സംരക്ഷണം, ചെക്കുഡാമുകൾ, സൈഡ് പിച്ചിങ്ങ് വാൾ, ക്രോസ് ചെക്കുകൾ, ഫീൽഡ് ചാനൽ, വാട്ടർ ഹാർവെസ്റ്റിംഗ് സ്ട്രക്ച്ചറുകൾ, കിണർ റീച്ചാർജ്ജ് യൂണിറ്റുകൾ, നടപ്പാതകൾ, സ്ലൂയിസ്സ്, കുളം പുനരുദ്ധാരണം എന്നീ പ്രവർത്തനങ്ങൾ 274.92 ലക്ഷം ചെലവഴിച്ച് 1255 ഹെക്ടർ സ്ഥലത്ത് നടപ്പിലാക്കി 100% പദ്ധതി പുരോഗതി കൈവരിച്ചിട്ടുണ്ട്. |

Jessy Jose

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| വകുപ്പ് | പദ്ധതികളുടെ എണ്ണം | അടങ്കൽ തുക |
|---|---|---|
| കാർഷിക വികസന കർഷകക്ഷേമ വകുപ്പ് | 32 | 108.3743 കോടി |
| മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് | 98 | 207.11 കോടി |
| കേരള സംസ്ഥാന ഭൂവികസന കോർപ്പറേഷൻ | 35 | 90 കോടി |

സെക്ഷൻ ഓഫീസർ